ആലുവാ എഫ്. എ. സി. റീ. യിലെ...

തൊഴിൽകുഴപ്പം.

*473. MR. P. C. GEORGE : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട തൊഴിൽവകുപ്പു മന്ത്രി സദയം മറുപടി പറയുമോ?

(എ) ആലുവായിലെ എഫ്. എ. സി. റീ. ഇന്നയിടെ അനിശ്ചിതകാലത്തേക്കു പൂട്ടിയിടുവാനും പിന്നീട് കുറെദിവസങ്ങൾ കഴിഞ്ഞു തുറക്കുവാനും ഇടയായിട്ടുണ്ടോ?

(ബി) അതിലേക്കുള്ള കാരണങ്ങൾ വിശദമാക്കാമോ?

HON'BLE MR. N. KUNJURAMAN : (എ) ഉണ്ട്. (ബി) എഫ്-എഫ്-ർ-ൽ Synthesis plantലെ സീനിയർ ഓപ്പറേറ്റർ ആയ മി. ഇ. എം. അപ്പുക്കുട്ടൻനായർ അനുവാദംകൂടാതെ അരമണിക്കൂർമുമ്പ് ജോലിസ്ഥലം വിട്ടുപോകുകയും ആയതിന് മി. അപ്പുക്കുട്ടൻനായരെ മാനേജ്മെൻറ് Suspendചെയ്ത സമാധാനം ആവശ്യപ്പെട്ടുകയുംചെയ്തു. സമാധാനം തൃപ്തികരമല്ലാതിരുന്നതിനാൽ അദ്ദേഹത്തെ കമ്പനിയിൽ നിന്നും എഫ്-എഫ്-ർ-ൽ പിരിച്ചുവിട്ടു. ഈ ശിക്ഷണനടപടിയെ പ്രതിഷേധിച്ചു എഫ്-എഫ്-ർ-ൽ തൊഴിലാളികൾ ഒരു സൂചന പണിമുടക്കു നടത്തി. ഇതിനെ തുടർന്ന് എഫ്-എഫ്-ർ-ൽ മാനേജ്മെൻറ് കമ്പനി അടച്ചുപൂട്ടി. എന്നാൽ ഗവണ്മെൻറും മാനേജ്മെൻറും നടത്തിയ ആലോചനയുടെ ഫലമായി കമ്പനി എഫ്-എഫ്-ർ-ൽ വീണ്ടും തുറന്ന് ജോലി ആരംഭിച്ചു.

ചങ്ങനാശേരി, റീ. ബി.

*474. MR. N. S. KOCHUKUNJU (*Changanacherry IV—Paraya*) : താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

ചങ്ങനാശേരി ടൗണിൽ ഒരു റീ. ബി. പണിയുന്നതിനു വല്ല നടപടിയും ഗവണ്മെൻറ് സ്വീകരിച്ചിട്ടുണ്ടോ?

HON'BLE MR. K. R. ELANKATH : ചങ്ങനാശേരിയിൽ ഒരു റ്റി. ബി. പണിയുന്നതിനു തൽക്കാലം ഗവണ്മെൻറ് ഒരു നടപടിയും സ്വീകരിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. N. S. KOCHUKUNJU : ഇക്കല്ലത്തെ ബഡ്ജറ്റിൽ എങ്കിലും ഉൾപ്പെടുത്തിയിട്ടുണ്ടോ?

HON'BLE MR. K. R. ELANKATH : അതിനാവശ്യമുള്ള തുക മുഴുവൻ കൊള്ളിച്ചിട്ടില്ല. ഈ കാര്യത്തെ സംബന്ധിച്ചു അവിടത്തെ മുൻസിപ്പാലിറ്റിയുമായി എഴുത്തുകുത്തുകൾ നടത്തിക്കൊണ്ടിരുന്നതുകൊണ്ടു് ഇതിലേക്കു് തീരുമാനം ഒന്നും ഉണ്ടായിട്ടില്ല. അതുകൊണ്ടുള്ളതുകൊണ്ടു് മുൻപു് അവിടത്തെ മുൻസിപ്പാലിറ്റി തന്നെ അവിടെ ഒരു റ്റി. ബി. കെട്ടിക്കൊള്ളാമെന്നു പറഞ്ഞിരുന്നു. അതനുസരിച്ചു ഗവണ്മെൻറു് സ്ഥലം വിട്ടുകൊടുത്തു. എന്നാൽ ഇപ്പോൾ അവർ പറയുന്നു, ഗവൺമെൻറു തന്നെ ഈ പണി നടത്തണമെന്നു്.

MR. KALATHIL VELAYUDHAN NAIR : ചങ്ങനാശേരിയിൽ ഒരു റ്റി. ബി. ഇല്ലാത്തതുകൊണ്ടു് അവിടുത്തുകാർക്കു് വളരെ അസൗകര്യം ഉള്ളതായി അറിയാമോ?

HON'BLE MR. K. R. ELANKATH : അറിയാം.

MR K. A. MATHEW : തിരുവല്ലായിൽ റ്റി. ബി. ഉള്ളതു് ചങ്ങനാശേരിയിൽ താമസിക്കേണ്ടിവരുന്നവരും കൂടി ഉപയോഗിച്ചു വരുന്നതായിട്ടറിയാമോ?

HON'BLE MR. K. R. ELANKATH : അറിയാം.

MR. T. T. KESAVAN SASTRI : ചങ്ങനാശേരിയിൽ ടി. ബി. ആവശ്യമാണെന്ന വിവരം അറിയാമോ?

HON'BLE MR. K. R. ELANKATH : അറിയാം.

അതിത്തിഷാപ്പുകളിലെ നഷ്ടം.

* 475 MR. S. KUTTAN (*Neyyattinkara I—General*): താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട എക്സൈസു് വകുപ്പു മന്ത്രി സദയം മറുപടി പറയുമോ?

(എ) ൧൯൪൭ മുതൽ ൧൯൪൯ വരെയുള്ള ഓരോ ആണ്ടിനെ അടുത്തു ഷാപ്പുകളായ കരമന, കാട്ടാക്കട ഈ ഷാപ്പുകളിൽ യഥാകാലം അനുവദിച്ചിരുന്ന ചാരായത്തിന്റെ കോട്ടാ എത്ര?

(ബി) അതിത്തിഷാപ്പുകളിലെ കൺട്രാക്ടർമാർക്കുണ്ടായിക്കൊണ്ടിരിക്കുന്ന ഭീമമായ നഷ്ടത്തെ സംബന്ധിച്ചും അതു പരിഹരിച്ചു കിട്ടണമെന്നു കാണിച്ചും എക്സൈസു് കമ്മീഷണരുടെ അടുക്കലും, ബഹുമാനപ്പെട്ട മന്ത്രി സമക്ഷവും കൺട്രാക്ടർമാർ പരാതിപ്പെട്ടിട്ടുണ്ടോ?

(സി) ഉണ്ടെങ്കിൽ എന്തു തീരുമാനം ചെയ്തു?

LIBRARY ARCHIVES Kerala Legislative Assembly